**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1993** **14-10-2024 - ൽ മറുപടിയ്ക്ക്**

**നവ മാധ്യമ സങ്കേതങ്ങളുടെ വികാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | എ.ആർ.വി.ആർ -Augmented Reality and Virtual Reality , ഒ.ടി.ടി -Over The Top എന്നീ നവമാധ്യമ സങ്കേതങ്ങൾ വികസിപ്പിക്കുന്നതിനായി മികവിന്റെ കേന്ദ്രങ്ങൾ ഈ സർക്കാർ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. ആനിമേഷൻ, വിഷ്വൽ എഫക്ട്സ്, ഗേമിംഗ്, കോമിക്സ്, എ.ആർ-വി.ആർ ഉൾപ്പെടെയുള്ള എക്സ്റ്റന്റഡ് റിയാലിറ്റി എന്നീ മേഖലകളിൽ കേരളത്തിന്റെ വികസന സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ട് പുതിയ AVGC-XR നയം പ്രഖ്യാപിച്ചിട്ടുണ്ട്. വരുന്ന മൂന്ന് വർഷം കൊണ്ട് ഈ മേഖലയിൽ 250 പുതിയ സംരംഭങ്ങൾ തുടങ്ങുന്നത് പ്രോത്സാഹിപ്പിക്കുവാനും നൈപുണ്യ വികസനം സാധ്യമാക്കാനും 50000 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും ലക്ഷ്യമിടുന്നു. ഈ മേഖലയിൽ ഒരു മികവിന്റെ കേന്ദ്രം ( Centre of Excellence in AVGC-XR) സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിനായുള്ള പ്രവർത്തനം ഏകോപിപ്പിക്കാൻ സെന്റർ ഫോർ ഡവലപ്മെന്റ് ഓഫ് ഇ മേജിംഗ് ടെക്നോളജിയെ (C-DIT) നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>നവ മാധ്യമ സങ്കേതങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ എ.ആർ/ വി. ആർ ലാബും സ്റ്റഡിയോയും സജ്ജമാക്കി വരുന്നു. ഇതുമായി ബന്ധപ്പെട്ട് മറ്റു പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>എ.ആർ. വി.ആർ -Augmented Reality and Virtual Reality എന്ന നവമാധ്യമ സങ്കേതം വികസിപ്പിക്കുന്നതിനായി ഉദ്യോഗാർത്ഥികളെ സജ്ജരാക്കുവാൻ അസാപ് കേരള, കേരള നോളഡ്ജ് ഇക്കോണമി മിഷന്റെ സാമ്പത്തിക സഹായത്തോടെ 4 മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടം കമ്മ്യൂണിറ്റി സ്കിൽ പാർക്ക്, കോട്ടയം ജില്ലയിൽ പാമ്പാടി കമ്മ്യൂണിറ്റി സ്കിൽ പാർക്ക്, എറണാകുളം ജില്ലയിൽ കളമശ്ശേരി |

| | | | |
|---|---|---|---|
| | | | കമ്മ്യൂണിറ്റി സ്കിൽ പാർക്ക്, തൃശ്ശൂർ ജില്ലയിൽ കുന്നംകുളം കമ്മ്യൂണിറ്റി സ്കിൽ പാർക്ക് തുടങ്ങിയ സ്ഥലങ്ങളിലാണ് അസാപ് മികവിന്റെ ഈ കേന്ദ്രങ്ങൾ സ്ഥാപിച്ചിരിക്കുന്നത്. ഇതോടൊപ്പം കഴക്കൂട്ടം കമ്മ്യൂണിറ്റി സ്കിൽ പാർക്ക്, കളമശ്ശേരി കമ്മ്യൂണിറ്റി സ്കിൽ പാർക്ക് എന്നിവിടങ്ങളിൽ ഗ്രീൻ സ്റ്റുഡിയോ സംവിധാനങ്ങളും സജ്ജമാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കേന്ദ്രങ്ങൾ അസാപ്പുമായി ചേർന്ന് കെ-ഡിസ്ക് നടപ്പിലാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ ആലപ്പുഴയിലെ അസാപ്പിന്റെ സ്കിൽ പാർക്കിൽ എ. ആർ. വി. ആർ, എം. ആർ. എന്നീ സാങ്കേതിക വിദ്യകളുടെ ഉപയോഗത്തിനും ഗവേഷണത്തിനും വികസനത്തിനും വേണ്ടി സ്റ്റുഡിയോ സജ്ജമാക്കുമോ; | (ബി) | എ.ആർ.വി.ആർ, എം.ആർ എന്നീ നവമാധ്യമ സങ്കേതങ്ങളിൽ ഉദ്യോഗാർത്ഥികളെ സജ്ജരാക്കുവാനുള്ള മികവിന്റെ കേന്ദ്രങ്ങൾ അസാപ് കേരള, കെ-ഡി സ്കിന്റെ കീഴിലുള്ള കേരള നോളഡ്ജ് ഇക്കോണമി മിഷന്റെ സാമ്പത്തിക സഹായത്തോടെ സ്ഥാപിച്ചിട്ടുണ്ട്. അസാപിന്റെ ആലപ്പുഴ ജില്ലയിലെ ചെറിയ കലവൂർ കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ എ.ആർ. വി. ആർ, എം. ആർ. എന്നീ സാങ്കേതിക വിദ്യകളുടെ ഉപയോഗത്തിനും ഗവേഷണത്തിനും വികസനത്തിനും വേണ്ടി സ്റ്റുഡിയോ സജ്ജമാക്കുവാൻ നിലവിൽ പദ്ധതികൾ രൂപീകരിച്ചിട്ടില്ല. |
| (സി) | ഒ.ടി.ടി. പ്ലാറ്റ് ഫോം ഡെവലപ്പ് ചെയ്യുന്നതിനായി ടെക്നിക്കൽ ഇവാല്യുവേഷനിലൂടെ സ്റ്റാർട്ടപ്പിനെ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ തുടർ നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) | ഒ.ടി.ടി. പ്ലാറ്റ്ഫോമിന്റെ വികസനത്തിനായി സ്റ്റാർട്ടപ്പ് സ്ഥാപനത്തെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ തുടങ്ങുകയും സാങ്കേതിക മൂല്യനിർണ്ണയം ആരംഭിക്കുകയും ചെയ്തെങ്കിലും കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ (KSFDC) " C-SPACE OTT" പ്ലാറ്റഫോം വികസിപ്പിച്ചെടുത്തതിനാൽ ഈ പദ്ധതിയിൽ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ തുടർനടപടികളുമായി മുന്നോട്ടു പോകുകയുണ്ടായില്ല.<br><br>കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് (KSFDC) ഒ.ടി.ടി. പ്ലാറ്റ് ഫോം വികസിപ്പിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് പരിചയ സമ്പന്നരായ കമ്പനികളിൽ നിന്നും ദേശീയതലത്തിൽ എക്സ്പ്രഷൻ ഓഫ് ഇൻടറസ്റ്റ് (EOI) , ഇ -ടെഡർ എന്നിവ ക്ഷണിച്ച് സാങ്കേതിക മൂല്യനിർണ്ണയത്തിലൂടെ തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | കേരളത്തിലെ സർവ്വകലാശാലകളിൽ കോഴ്സുകൾ നൽകുന്നതിനായി ഐ.സി.ടി അക്കാഡമി ഓഫ് കേരള പ്രമുഖ ടെക് കമ്പനികളുമായി സഹകരണം ഉറപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ? | (ഡി) | ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമി ഓഫ് കേരള (ICTAK) എന്നത് ഇന്ത്യാ ഗവൺമെന്റിന്റെയും TCS, Sowparnika Education Infrastructure, IBS, UST, QUEST തുടങ്ങിയ പ്രമുഖ ഐടി കമ്പനികളുടെയും പിന്തുണയോടെ കേരള സർക്കാർ സൃഷ്ടിച്ച ഒരു സാമൂഹിക സംരംഭമാണ്. പൊതു-സ്വകാര്യ, പങ്കാളിത്ത മാതൃകയിൽ 2014-ൽ രൂപീകരിച്ച സംരംഭത്തിന്റെ പ്രാഥമിക ലക്ഷ്യം കേരളത്തിലെ യുവാക്കളെ അവശ്യ ഐസിടി കഴിവുകളിൽ |

പരിശീലനം നൽകി തൊഴിൽ സജ്ജരാക്കുകയും അതിലൂടെ അവരുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ്. 100,000 -ത്തിലധികം വിദ്യാർത്ഥികളെ പരിശീലിപ്പിക്കുകയും 14,000-ലധികം വിജയകരമായ പ്ലേയ്സ്മെൻ്റുകൾക്ക് സൗകര്യമൊരുക്കുകയും ചെയ്ത ഐ.സി .ടി അക്കാഡമി ഓഫ് കേരളയ്ക്ക് വ്യവസായായ മേഖലയിൽ വിദഗ്ധ തൊഴിലാളികളുടെ മുൻനിര ദാതാവ് എന്ന നിലയിൽ ശ്രദ്ധേയമായ ഒരു ട്രാക്ക് റെക്കോർഡ് ഉണ്ട്. ഐടി സൊല്യൂഷനുകളിലും സേവനങ്ങളിലും കേരള സർക്കാരിൻ്റെ Total Service Provider കൂടിയാണ് ഐ.സി.ടി അക്കാഡമി ഓഫ് കേരള.

കേരളത്തിലെ സർവ്വകലാശാലകൾ നടപ്പിലാക്കുന്ന അണ്ടർ ഗ്രാജ്വേറ്റ് പ്രോഗ്രാമുകളുടെ (FYUP) ചട്ടക്കൂടിനുള്ളിൽ തൊഴിലധിഷ്ഠിത പരിശീലനവും പാഠ്യപദ്ധതിയും നൽകുന്നതിനുള്ള ഒരു പ്രധാന ഏജൻസിയായി ഉന്നത വിദ്യാഭ്യാസ വകുപ്പ് ഐ.സി.ടി അക്കാഡമി ഓഫ് കേരളയെ എംപാനൽ ചെയ്തിട്ടുണ്ട്.

ഈ പങ്കാളിത്തം വഴി വ്യവസായവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനം നൽകി അവരെ തൊഴിൽ സജ്ജരാക്കാൻ കഴിയുന്നു. വിദ്യാർത്ഥികൾക്ക് പരിശീലന പരിപാടികൾ നൽകുന്നതിൻ്റെ സ്വഭാവത്തെക്കുറിച്ചും രീതികളെ കുറിച്ചും എസ്എൻ ഓപ്പൺ യൂണിവേഴ്സിറ്റിയുമായി ഐ.സി.ടി അക്കാഡമി ഓഫ് കേരള ഇതിനകം ഒരു ഔപചാരിക കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സമാന രൂപത്തിൽ നൈപുണ്യ പരിശീലന പരിപാടികൾ മറ്റ് സർവകലാശാലകളുമായി ആരംഭിക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്. ഇതിനോടകം തന്നെ സംസ്ഥാനത്തുടനീളമുള്ള 300-ലധികം കോളേജുകളുമായി ICTAK നൈപുണ്യപരിശീലനത്തിനായി ധാരണകൾ ഉണ്ടാക്കിയിട്ടുണ്ട്. ഈ പങ്കാളിത്തങ്ങൾ ഐടിയിലും അനുബന്ധ മേഖലകളിലും പരിശീലന പരിപാടികൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വൈദഗ്ധ്യവും അറിവും നേടുന്നതിന് വിദ്യാർത്ഥികൾക്ക് വൈവിധ്യമാർന്ന അവസരങ്ങൾ പ്രദാനം ചെയ്യുന്നതിനും അവസരമൊരുക്കുന്നു.

സമഗ്രവും അത്യാധുനികവുമായ പരിശീലന പരിപാടികൾ നൽകുന്നതിനായി Google, AWS, Celonis, Mathworks, Microsoft, MongoDB എന്നിവയുൾപ്പെടെയുള്ള പ്രശസ്ത സാങ്കേതിക

| | | | |
|---|---|---|---|
| | | | കമ്പനികളുമായി ICTAK പങ്കാളിത്തം ഉണ്ടാക്കിയിട്ടുണ്ട്. ഈ സഹകരണങ്ങൾ വഴി ഈ വ്യവസായ പ്രമുഖരുടെ വൈദഗ്ധ്യവും വിഭവങ്ങളും പ്രയോജനപ്പെടുത്തുന്നതിനും വിദ്യാർത്ഥികൾക്ക് ഏറ്റവും പുതിയ സാങ്കേതിക മുന്നേറ്റങ്ങളുമായി യോജിപ്പിച്ച് ലോകോത്തര വിദ്യാഭ്യാസം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും കഴിയുന്നു. ഈ പങ്കാളിത്തത്തിലൂടെ ക്ലൗഡ് കമ്പ്യൂട്ടിംഗ്, ഡാറ്റ അനലിറ്റിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സോഫ്റ്റ് വെയർ ഡെവലപ്മെന്റ് തുടങ്ങി ഉയർന്നു വരുന്ന സാങ്കേതികവിദ്യ മേഖലകളിൽ പ്രത്യേക പരിശീലനത്തിലൂടെ വിദ്യാർത്ഥികൾക്ക് പുതിയ തൊഴിൽ സാധ്യതകൾ തുറന്നു നൽകുന്നു. Google -മായി സഹകരിച്ച് ഐ.സി.ടി അക്കാഡമി ഓഫ് കേരള GenAI കോഴ്സുകൾ വാഗ്ദാനം ചെയ്യുന്നുണ്ട്. AWS-മായി സഹകരിച്ച് ക്ലൗഡ് കമ്പ്യൂട്ടിംഗിലും ക്ലൗഡ് ആർക്കിടെക്ചറിലും പരിശീലനം നൽകുന്നു. കൂടാതെ AI ടൂളുകളെ കുറിച്ച് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി Celonis-മായി ചേർന്ന് കോഴ്സ്കൾ നൽകുന്നുണ്ട്. MATLAB പഠിപ്പിക്കാൻ MathWorks-ന്റെ Onramp മായും മൈക്രോസോഫ്റ്റുമായി ചേർന്നു AI ഒഡീസിയിലും കോഴ്സുകൾ വാഗ്ദാനം ചെയ്യുന്നുണ്ട്. കൂടാതെ, AR, VR, MR എന്നിവ പോലുള്ള ഇമ്മേഴ്സീവ് സാങ്കേതികവിദ്യകൾ പഠിപ്പിക്കാൻ ARK ഇൻഫോടെക്കുമായി ഐ.സി.ടി അക്കാഡമി ഓഫ് കേരള ധാരണ ഉണ്ടാക്കിയിട്ടുണ്ട്.<br><br>പ്രമുഖ ടെക്നോളജി കമ്പനികളുമായി ഇത്തരത്തിലുള്ള സഹകരണത്തിലൂടെ വ്യവസായ നിലവാരത്തിലുള്ള സർട്ടിഫിക്കേഷനുകൾ, മെന്റർഷിപ്പ് അവസരങ്ങൾ , നെറ്റ്വർക്കിംഗ് എന്നിവയ്ക്ക് ഐ.സി.ടി അക്കാഡമി ഓഫ് കേരള അവസരം ഒരുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ